2024
FEBRUARY
23
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ



## പുതുക്കിയ വാഹന നിയമങ്ങൾ മെയ് 1 മുതൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരിച്ചു കൊണ്ട് മോട്ടോർ വാഹന വകുപ്പിൻറെ പുതിയ സർക്കുലർ പുറത്തിറങ്ങി. പുതിയ മാറ്റങ്ങൾ മേയ് 1 മുതൽ പ്രാബല്യത്തിൽ വരും. ഗിയറുള്ള കാറിൽ തന്നെയാകണം ടെസ്റ്റ് നടത്തണം എന്നാണ് പുതിയ നിർദ്ദേശം. ഇരുചക്ര വാഹനങ്ങളുടെ ടെസ്റ്റിന് കാലിൽ ഗിയറുള്ള വാഹനം ഉപയോഗിക്കണമെന്നും കാർ ലൈസൻസിന് ഓട്ടോമാറ്റിക് ഗിയറുള്ള കാർ ഉപയോഗിക്കാൻ പാടില്ലെന്നും പുതിയ സർക്കുലറിൽ പറയുന്നു.

പ്രതിദിനം ഒരു എംവിഐയുടെ നേതൃത്വത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തേണ്ട അപേക്ഷകരുടെ എണ്ണം 30 ആക്കി ഉയർത്തി. വാഹനങ്ങളുടെ റോഡ് ടെസ്റ്റ് റോഡിൽ തന്നെ നടത്തണം. മറിച്ച് ടെസ്റ്റ് കേന്ദ്രങ്ങളിൽ തന്നെ റോഡ് ടെസ്റ്റ് നടത്തുന്നത് നിയമ വിരുദ്ധമാക്കും. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ടെസ്റ്റിന് ഉപയോഗിക്കാൻ പാടില്ല.

വിവിധ തരത്തിൽ വാഹനം പാർക്ക് ചെയ്യാനുള്ള പരിശോധനയും കൊണ്ടുവന്നു. ഇരുചക്രവാഹനങ്ങളുടെ ടെസ്റ്റ് റെക്കോർഡ് ചെയ്ത് സൂക്ഷിക്കണം. ഡ്രൈവിംഗ് സ്കൂളുകൾ കൊണ്ടു വരുന്ന കാറുകൾക്ക് ഡാഷ് കാമറ നിർബന്ധമാക്കും. ടെസ്റ്റും കാമറയിൽ റെക്കോർഡ് ചെയ്യണം. ലൈസൻസ് ടെസ്റ്റിന് ശേഷം ഈ കാമറയുടെ മെമ്മറി കാർഡ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വാങ്ങി വീഡിയോ സേവ് ചെയ്ത് സൂക്ഷിക്കണമെന്നും സർക്കുലറിൽ പറയുന്നു.

# ഭാരതം 2027ഓടെ മൂന്നാം സാമ്പത്തിക ശക്തിയാകും ജെഫറീസ്

**ന്യൂഡൽഹി:** 2027ഓടെ ഇന്ത്യ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകുമെന്ന് ന്യൂയോർക്ക് ആസ്ഥാനമായുള്ള ആഗോള നിക്ഷേപക ഉപദേശക സ്ഥാപനം ജെഫറീസിൻറെ പ്രവചനം.

അടുത്ത നാല് വർഷത്തിനുള്ളിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഡിപി) 5 ട്രില്യൺ ഡോളറിലെത്താൻ സാധ്യതയുണ്ട്. ലോകത്ത് ഏറ്റവും വേഗം വളരുന്ന സമ്പദ്‌വ്യവസ്ഥ എന്ന സ്ഥാനം നിലർത്തിക്കൊണ്ട് 2027ഓടെ ജപ്പാനെയും ജർമനിയെയും പിന്തള്ളി ഇന്ത്യ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകും. കഴിഞ്ഞ 10 വർഷമായി നടക്കുന്ന അടിസ്ഥാന ഘടനാപരമായ പരിഷ്കാരങ്ങളാണ് ഇന്ത്യയ്ക്ക് അതിൻറെ സമ്പൂർണ കാര്യശേഷി മനസിലാക്കാൻ കഴിയുന്ന ഒരു ചട്ടക്കൂട് സൃഷ്ടിച്ചതെന്നും ജെഫറീസ് ചൂണ്ടിക്കാട്ടുന്നു.

സുസ്ഥിര സാമ്പത്തിക വളർച്ചാ പ്രക്രിയയിൽ, 2030ഓടെ ഇന്ത്യൻ ഓഹരി വിപണി 10 ട്രില്യൺ യു




എസ് ഡോളറിലെത്തുമെന്നാണ് ജെഫറീസിൻറെ പ്രതീക്ഷ. യുഎസ് (44.7 ട്രില്യൺ ഡോളർ), ചൈന (9.8 ട്രില്യൺ ഡോളർ), ജപ്പാൻ (6 ട്രില്യൺ ഡോളർ), ഹോങ്കോങ് (4.8 ട്രില്യൺ ഡോളർ) എന്നിവയ്ക്കു പിന്നിൽ അഞ്ചാം സ്ഥാനത്താണ് 4.3 ട്രില്യൺ ഡോളറുള്ള ഇന്ത്യയുടെ വിപണി മൂലധനം. ഇന്ത്യൻ ഓഹരി വിപണികൾക്ക് കഴിഞ്ഞ വർഷങ്ങളിൽ ഡോളർ അടിസ്ഥാനത്തിൽ സ്ഥിരമായ 10% വാർഷിക വരുമാനം സൃഷ്ടിക്കാൻ കഴിഞ്ഞു. ഇന്ത്യൻ വിപണികൾ അടുത്ത 57 വർഷങ്ങളിലും ആകർഷകമായ വളർച്ച തുടരും.

ബഹുരാഷ്ട്ര കമ്പനികൾക്ക് ഇന്ത്യയിൽ ലിസ്റ്റ് ചെയ്യാൻ പറ്റിയ സമയമാണിതെന്നും അവർ ചൂണ്ടിക്കാട്ടുന്നു. ദക്ഷിണ കൊറിയൻ ബഹുരാഷ്ട്ര കമ്പനിയായ ഹ്യുണ്ടായ് ഇന്ത്യ തങ്ങളുടെ സബ്സിഡിയറി കമ്പനി ഇന്ത്യയിൽ ലിസ്റ്റ് ചെയ്യാൻ തീരുമാനിച്ചു. രാജ്യത്ത് ശക്തമായ സ്വാധീനമുള്ള നിരവധി ബഹുരാഷ്ട്ര കമ്പനികൾക്ക് ലിസ്റ്റഡ് എൻറിറ്റികളാകാൻ പറ്റിയ സമയമാണ് എന്നതിന് ഉദാഹരണമാണിത്. ആമസോൺ, സാംസങ്, ആപ്പിൾ, ടൊയോട്ട തുടങ്ങിയ വലിയ ആഗോള കമ്പനികൾ ഈ വഴിക്കു ചിന്തിച്ചാൽ അത് ഇന്ത്യൻ ഇക്വിറ്റി ക്യാപ്പിറ്റൽ മാർക്കറ്റുകളിൽ വലിയ മാറ്റം കൊണ്ടുവരാം.വളർന്നുവരുന്ന ഭൗമ രാഷ്ട്രീയ പിരിമുറുക്കങ്ങളുടെ ലോകത്ത്, ജി7 രാജ്യ കൂട്ടായ്മയുമായി നല്ല ബന്ധത്തിൽ തുടരുന്നതിനുള്ള ഇന്ത്യയുടെ ശ്രമം വിജയിച്ചു. അതേസമയം ബ്രിക്സിൽ പൂർണ അംഗമാകുകയും ചെയ്തു. ഇതെല്ലാം സെപ്റ്റംബറിൽ ന്യൂഡൽഹിയിൽ നടന്ന ജി20 ഉച്ചകോടിയുടെ പരക്കെ അംഗീകരിക്കപ്പെട്ട വിജയത്തിൽ പ്രതിഫലിക്കുന്നു ജെഫറീസ് റിപ്പോർട്ട് പറയുന്നു.

# ഓൺലൈൻ ധനകാര്യ കമ്പനികൾക്ക് നിയന്ത്രണം

**കൊച്ചി:** ഓൺലൈൻ ധനകാര്യ കമ്പനികൾക്ക് മേൽ നിയന്ത്രണം കടുപ്പിക്കാനൊരുങ്ങി റിസർവ് ബാങ്ക്. രാജ്യത്തെ മുൻനിര പേയ്മെൻറ് ആപ്പായ പേടിഎമ്മിൻറെ ബാങ്കിങ് വിഭാഗത്തിന് അപ്രതീക്ഷിതമായി കഴിഞ്ഞമാസം പ്രധാന സേവനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയതിന് പിന്നാലെയാണ് മറ്റ് ഫിൻടെക്കുകളുടെയും ഇടപാടുകൾ പരിശോധിക്കുന്നത്.

ഉപയോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിച്ചില്ലെന്നും ഒരാളുടെ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് ആയിരക്കണക്കിന് വ്യാജ അക്കൗണ്ടുകൾ തുറന്ന് കള്ളപ്പണ ഇടപാടുകൾ നടത്താൻ അവസരമൊരിക്കിയെന്നും ഉൾപ്പെടെയുള്ള നിരവധി ആരോപണങ്ങളാണ് പ്രധാന ഫിൻടെക്ക് സ്ഥാപനങ്ങൾ നേരിടുന്നത്. വർഷങ്ങളായി ഫിൻടെക്ക് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിൽ വളരെ അയഞ്ഞ സമീപനമാണ് റിസർവ് ബാങ്ക് സ്വീകരിച്ചിരുന്നത്.



യുപിഐ ജനപ്രിയമാക്കുന്നതിന് ഫിൻടെക്കുകൾ വലിയ പങ്ക് വഹിച്ചതിനാൽ ഉദാരമായ നയമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. നിക്ഷേപം സ്വീകരിക്കുന്നതു മുതൽ വായ്പാ വിതരണവും മറ്റ് ധനകാര്യ സേവനങ്ങളും ഫിൻടെക്കുകൾ വഴി നൽകുകയാണ്.

ഓൺലൈൻ തട്ടിപ്പുകളുടെ എണ്ണം കുറയ്ക്കാൻ ഫിൻടെക്കുകളുടെ നിയന്ത്രണത്തിലൂടെ കഴിയുമെന്നാണ് റിസർവ് ബാങ്കിൻറെ വിലയിരുത്തൽ. കഴിഞ്ഞ വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ധനകാര്യ തട്ടിപ്പുകളുടെ എണ്ണം 68 ശതമാനം ഉയർന്ന് 14,000 കടന്നിരുന്നു. മൊത്തം ഒരു ലക്ഷം കോടി രൂപയിലധികം തട്ടിപ്പാണ് ഇക്കാലയളവിൽ റിപ്പോർട്ട് ചെയ്തത്. ക്രെഡിറ്റ് കാർഡ് തട്ടിപ്പുകൾ, ഓൺലൈൻ പണാപഹരണം തുടങ്ങിയവ ഗണ്യമായി കൂടുകയാണെന്നും റിസർവ് ബാങ്ക് റിപ്പോർട്ടിൽ പറയുന്നു.





# ആൽഫ പാലിയേറ്റീവ് കെയർ വിഷൻ 2030 ശിൽപ്പശാല പിറവത്ത്

**പിറവം:** പാലിയേറ്റീവ് കെയർ രംഗത്തെ വെല്ലുവിളികളും അതിനുള്ള പരിഹാരമാർഗങ്ങളും തേടിക്കൊണ്ട് അന്തസ്സോടെ ജീവിതം; അവസാനം വരെയും എന്ന വിഷയത്തിൽ പ്രമുഖ പാലിയേറ്റീവ് കെയർ ശൃംഖലയായ ആൽഫ പാലിയേറ്റീവ് കെയറിന്റെ വിഷൻ 2030 കാമ്പയിന്റെ ഭാഗമായ പാലിയേറ്റീവ് കെയർ ശിൽപ്പശാല പിറവത്ത് നടന്നു. പിറവം കംപാനിയൻസ് ക്ലബ് ഹാളിൽ നടന്ന ശിൽപ്പശാല പിറവം മുനിസിപ്പൽ വൈസ് ചെയർമാൻ കെ.പി. സലിം ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി ഏലിയാസ്, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. വിമൽകുമാർ, മുൻ നഗരസഭാ ചെയർപേഴ്സൺ ഏലിയാമ്മ ഫിലിപ്പ്, മുനിസിപ്പൽ സെക്രട്ടറി പ്രകാശ്കുമാർ, ആൽഫ ഗവേണിംഗ് കൗൺസിൽ അംഗം കെ.ഇ.കദീജാബി തുടങ്ങിയവർ ആശംസകളർപ്പിച്ചു. ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം. നൂർദീൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രോജക്ട് ജില്ലാ ഡയറക്ടർ പ്രൊഫ. ടി.പി. ജമീല സ്വാഗവും കമ്യൂണിറ്റി ഡവലപ്മെന്റ് ഓഫീസർ ജെഫിൻ മാത്യു നന്ദിയും പറഞ്ഞു.

പാലിയേറ്റീവ് കെയർ രംഗത്തെ വെല്ലുവിളികൾ എന്ന വിഷയത്തിൽ ആൽഫ ചെയർമാൻ കെ.എം.നൂർദീനും ആൽഫ മോഡൽ പാലിയേറ്റീവ് കെയർ എന്ന വിഷയത്തിൽ കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരനും വിഷയാവതരണങ്ങൾ നടത്തി. വിഷൻ 2030 സ്റ്റേറ്റ് കോ ഓർഡിനേറ്റർ അംജിത്ത്കുമാർ ചർച്ച നയിച്ചു. സാമൂഹ്യപ്രവർത്തകരും ആരോഗ്യപ്രവർത്തകരുമടക്കം 120ൽപ്പരം പേർ ശിൽപ്പശാലയിൽ പങ്കെടുത്തു. പിറവം കേന്ദ്രീകരിച്ച് ഗ്രാമപഞ്ചായത്തുകളെ കൂടി പരിധിയിൽ ഉൾപ്പെടുത്തി പുതിയ ലിങ്ക് സെന്റർ തുടങ്ങാൻ ചർച്ചകളിൽ തീരുമാനമായി. ഇതിനായി ആൻസി ജോൺസൺ പ്രസിഡന്റ്, ഷാബി പോൾ സെക്രട്ടറി, സന്തോഷ് ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ 19 അംഗ എക്സിക്യൂട്ടീവ് കൗൺസിലിനെ തെരഞ്ഞെടുത്തു.

കഴിഞ്ഞ 19 വർഷമായി തൃശൂർ എടമുട്ടം ആസ്ഥാനമായി 4 ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന, നിലവിൽ കിടത്തിചികിത്സയുള്ള ഒരു ഹോസ്പീസും 18 ലിങ്ക് സെന്ററുകളുമായി വിപുലമായ പാലിയേറ്റീവ് കെയർ ശൃംഖലയാണ് ആൽഫ.

# വനിതാസംരഭകർക്കായി ആമസോൺ ഇന്ത്യ ഗെയിം ധാരണ

**കൊച്ചി:** ഇന്ത്യയിലെ ടയർ2, ടയർ3 നഗരങ്ങളിലെ വനിതാ സംരംഭകരുടെ ഡിജിറ്റൽ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ഗ്ലോബൽ അലയൻസ് ഫോർ മാസ്സ് എന്റർപ്രണർഷിപ്പു(ഗെയിം) മായി ആമസോൺ ഇന്ത്യ ധാരണാപത്രം ഒപ്പുവച്ചു.

ഈ പങ്കാളിത്തത്തിലൂടെ, ആമസോൺ ഇന്ത്യ അവരുടെ ഡിജിറ്റൽ സംരംഭകത്വ യാത്രയിൽ ഏകദേശം 25,000 വനിതാ സംരംഭകരെയും കരകൗശല വിദഗ്ധരെയും പിന്തുണയ്ക്കാൻ ലക്ഷ്യമിടുന്നു. ബിസിനസ്സ് കപ്പാസിറ്റി ബിൽഡിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് നൈപുണ്യ വിടവുകൾ നികത്തൽ, ശേഖരിച്ച ബ്രാൻഡുകളായി സംയോജിപ്പിക്കാൻ അവരെ പ്രാപ്തരാക്കുക എന്നിവയിൽ ഗെയിം സഹായകമാകുന്നു. ഗ്രാമീണ വനിതാ സംരംഭകർക്കും കരകൗശല തൊഴിലാളികൾക്കും പ്ലാറ്റ്ഫോം ആക്സസ് സൃഷ്ടിക്കുകയും സാമ്പത്തിക സ്വാതന്ത്ര്യം പ്രാപ്തമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, ഈ സംരംഭം അവർക്ക് ഡിജിറ്റൽ ലാൻഡ്സ്കേപ്പിൽ അഭിവൃദ്ധി പ്രാപിക്കാൻ ആവശ്യമായ പിന്തുണയും വിഭവങ്ങളും നൽകും.ആമസോൺ ഇന്ത്യയും ഗെയിമും തമ്മിലുള്ള ഈ സഹകരണം ഇന്ത്യയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുമായി വിശാലാടിസ്ഥാനത്തിലുള്ള സംരംഭകത്വത്തിന്റെ സഹവികസനവും സുഗമവും ലക്ഷ്യമിടുന്നു.

ആമസോൺ കരിഗർ, സഹേലി എന്നീ പദ്ധതികൾ ഈ സംരംഭകത്വത്തിൽ ഏർപ്പെട്ടിരിക്കുന്ന വിൽപ്പനക്കാർക്ക് യാതൊരു സാമ്പത്തിക നിക്ഷേപവുമില്ലാതെ വർക്ക്ഷോപ്പുകൾ/പരിശീലനം, ഓൺബോർഡിംഗ്, എഎം പിന്തുണ എന്നിവ വാഗ്ദാനം ചെയ്യും. സംരംഭകത്വ ആവാസവ്യവസ്ഥയ്ക്കുള്ളിലെ പങ്കാളിത്തത്തിലൂടെ 2030ഓടെ ദശലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുമുള്ള ആമസോണിന്റെ പ്രതിബദ്ധതയുമായി ഇത് യോജിക്കുന്നു. കൂടാതെ, വനിതാ സംരംഭകർക്ക് ഡിജിറ്റൽ മാർക്കറ്റിംഗ് സംരംഭങ്ങൾ, പെർഫോമൻസ് മാർക്കറ്റിംഗ്, ഉൽപ്പന്ന ലിസ്റ്റിംഗ് ഒപ്റ്റിമൈസേഷൻ, അഡ്വർടൈസിംഗ് ടെക്നിക്കുകൾ എന്നിവയിൽ നേരിട്ടുള്ള പരിശീലനവും പിന്തുണയും നൽകും. കൂടാതെ ഡാറ്റാധിഷ്ഠിത സ്ഥിതിവിവരക്കണക്കുകളിലേക്ക് അവർക്ക് പ്രവേശനം ലഭിക്കും.

# അസിം പ്രേംജി സർവകലാശാല ബിരുദ പ്രവേശന പരീക്ഷ ഏപ്രിൽ ഏഴിന്; ഇപ്പോൾ അപേക്ഷിക്കാം

**തിരുവനന്തപുരം:** അസിം പ്രേംജി സർവകലാശാലയിലെ ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ ഏപ്രിൽ ഏഴിന് നടക്കും. മുഴുവൻ സമയ നാല് വർഷ ബിഎ ഓണേഴ്സ്, ബിഎസ് സി ഓണേഴ്സ്, ഡ്യുവൽ ഡിഗ്രി ബിഎസ് സി ബി എഡ് കോഴ്സുകളിലാണ് പ്രവേശനം. സർവകലാശാലയുടെ ബാംഗളൂർ, ഭോപ്പാൽ കാമ്പസുകളിലാണ് അഡ്മിഷൻ ലഭിക്കുക. അപേക്ഷിക്കാനുള്ള അവസാന തിയതി മാർച്ച് 6. ഭോപ്പാൽ കാമ്പസിൽ ബയോളജിയിൽ ബി എസ് സി ഹോണേഴ്സ്, ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, സോഷ്യൽ സയൻസ് എന്നിവയിൽ ബി എ ഹോണേഴ്സ് എന്നീ കോഴ്സുകളും ബെംഗളൂരു കാമ്പസിൽ ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, ഫിലോസഫി, സോഷ്യൽ സയൻസ്, ഫിലോസോഫി പൊളിറ്റിക്സ് ആൻഡ് ഇക്കണോമിക്സ് (പിപിഇ) എന്നിവയിൽ ബിഎ ഹോണേഴ്സും ബയോളജി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ്, എൻവയോൺമെന്റൽ സയൻസ് ആൻഡ് സസ്റ്റൈനബിലിറ്റി, ഇൻഫർമേഷൻ സയൻസ് എന്നിവയിൽ ബി എസ് സി ഹോണേഴ്സും ബയോളജി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ്, എജുക്കേഷൻ എന്നിവയിൽ ബി.എസ് സി, ബി.എഡ് കോഴ്സുകളും പഠിക്കാം.

വിദ്യാർഥികൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാം. എഴുത്തുപരീക്ഷയും അഭിമുഖവും ഉണ്ട്. അഭിമുഖം ഈ വർഷം ഏപ്രിലിൽ നടക്കും. കോഴ്സുകൾ ജൂലൈയിൽ ആരംഭിക്കും. പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീ എന്നിവയിൽ ഇളവ് നൽകുന്ന സ്കോളർഷിപ്പുകൾ ലഭിക്കും. പഠനം പൂർത്തിയാക്കുന്നവർക്ക് ജോലി ഉറപ്പാക്കുന്നതിനായി കരിയർ ഗൈഡൻസ് ആന്റ് പ്ലേസ്മെന്റ് സെല്ലും കാമ്പസുകളിൽ പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9902125621 എന്ന മൊബൈൽ നമ്പരിലും otureach@apu.edu.in എന്ന ഇമെയിലിലും ബന്ധപ്പെടാം. വെബ്സൈറ്റ്: www.azimpremjiuniverstiy.edu.in

ഒരു പ്രധാന പഠന ശാഖയിലുള്ള പരിശീലനം, തൊഴിൽ പര്യാപ്തത വികസിപ്പിക്കുന്ന ഇന്റേൺഷിപ്പ് അടങ്ങിയ ഇന്റർഡിസിപ്ലിനറി ഘടകം, പഠന ശേഷി വികസനം ലക്ഷ്യം വെച്ചുള്ള ഫൗണ്ടേഷണൽ കോഴ്സുകളും വ്യത്യസ്തപഠനഅഭിരുചികൾ തേടുന്നതിനുള്ള ക്രെഡിറ്റ് കോഴ്സുകളും ചേരുന്നതാണ് ഓരോ കോഴ്സുകളും.

# റുപേ പ്രൈം വോളി: ജൈത്രയാത്ര തുടർന്ന് ചെന്നൈ ബ്ലിറ്റ്സ്

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 മൂന്നാം സീസണിൽ ജൈത്രയാത്ര തുടർന്ന് ചെന്നൈ ബ്ലിറ്റ്സ്. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ആവേശപ്പോരിൽ കൊൽക്കത്ത തണ്ടർബോൾട്ട്സിനെയാണ് ചെന്നൈ തോൽപ്പിച്ചത്. ഒരു സെറ്റിന് പിന്നിൽ നിന്ന ശേഷമായിരുന്നു ചെന്നൈയുടെ തിരിച്ചടി. സ്കോർ: 1416, 2120, 155, 1719, 158.

ആദ്യ സെറ്റ് നഷ്ടമായ ചെന്നൈ ഇഞ്ചോടിഞ്ച് പോരിൽ രണ്ടാം സെറ്റ് നേടി. അനായാസമായിരുന്നു മൂന്നാം സെറ്റിലെ വിജയം. എന്നാൽ നാലാം സെറ്റിൽ കൊൽക്കത്ത തിരിച്ചടിച്ചെങ്കിലും, അവസാന സെറ്റിൽ ആരാധകരുടെ ആവേശം കരുത്താക്കി മികവ് വീണ്ടെടുത്ത ചെന്നൈ സീസണിലെ മൂന്നാം ജയം നേടി. തുടർച്ചയായ ജയത്തോടെ ചെന്നൈ ആറ് പോയിന്റുമായി ടേബിളിൽ ഒന്നാമതെത്തി. മൂന്ന് മത്സരങ്ങളും തോറ്റ മുൻ ചാമ്പ്യൻമാരായ കൊൽക്കത്ത ഇതുവരെ അക്കൗണ്ട് തുറന്നിട്ടില്ല.




ഇന്ന് കാലിക്കറ്റ് ഹീറോസും കൊച്ചി ബ്ലൂ സ്പൈക്കേഴ്സും കളത്തിലിറങ്ങും. വൈകിട്ട് 6.30ന് നടക്കുന്ന മത്സരത്തിൽ ഡൽഹി തൂഫാൻസ് ആണ് ഹീറോസിന്റെ എതിരാളികൾ. രാത്രി 8.30ന് ബ്ലൂ സ്പൈക്കേഴ്സ് ബെംഗളൂരു ടോർപ്പിഡോസിനെ നേരിടും. ആദ്യ മത്സരം ജയിച്ച കാലിക്കറ്റ് നിലവിൽ നാലാം സ്ഥാനത്താണ്. രണ്ട് മത്സരങ്ങളും തോറ്റ ബ്ലൂ സ്പൈക്കേഴ്സ് എട്ടാം സ്ഥാനത്തും.



ജേണലിസ്റ്റ് ക്രിക്കറ്റ് ലീഗിൽ റണ്ണർ അപ്പ് ആയ എറണാകുളം പ്രസ്‌ക്ലബ്ബ് ടീം ഡിഎൻഎഫ്ടി കൊച്ചിൻ ഹീറോസിന് പ്രസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകുന്നു

# ജെ.സി.എൽ: എറണാകുളം പ്രസ് ക്ലബ്ബ് ടീമിന് സ്വീകരണം നൽകി

**കൊച്ചി:** കേരള പത്ര പ്രവർത്തക യൂണിയൻ (കെ.യു.ഡബ്ല്യു.ജെ) തിരുവനന്തപുരം യൂണിവേഴ്‌സിറ്റി സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ജേർണലിസ്റ്റ് ക്രിക്കറ്റ് ലീഗ് സീസൺ രണ്ടിൽ റണ്ണേഴ്സ് അപ്പായ എറണാകുളം പ്രസ് ക്ലബ് ടീം ഡിഎൻഎഫ്ടി കൊച്ചിൻ ഹീറോസിന് പ്രസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.

പാലക്കാടിനെ 86 റൺസിന് തോൽപ്പിച്ച് ഫൈനലിലെത്തിയ പ്രസ് ക്ലബ്ബ് ടീം തിരുവനന്തപുരത്തോട് പരാജയപ്പെടുകയായിരുന്നു. ടൂർണമെന്റിലെ ഏറ്റവും ഉയർന്ന സ്കോർ (152) എറണാകുളം ടീമിന്റെ പേരിലാണ്. ടീം ക്യാപ്റ്റൻ അനിൽ സച്ചു ടൂർണമെന്റിലെ താരമായി തിരഞ്ഞെടുക്കപ്പെട്ടു.

മികച്ച ബാറ്റ്സ്മാൻ പുരസ്കാരവും അനിൽ നേടി. പ്രസ് ക്ലബ്ബിൽ നടന്ന സ്വീകരണച്ചടങ്ങ് കോർപറേഷൻ കൗൺസിലർ മനു ജേക്കബ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ടീം അംഗങ്ങളെ ആദരിച്ചു. പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷനായ ചടങ്ങിൽ കെ.യു.ഡബ്ല്യു.ജെ സംസ്ഥാന വൈസ് പ്രസിഡന്റ് സീമ മോഹൻലാൽ ആശംസ നേർന്നു. ക്യാപ്റ്റൻ അനിൽ സച്ചു, ടീം മാനേജർ അഷ്റഫ് തൈവളപ്പ്, അസി.മാനേജർ പി.പി. ജുനൂബ്, ടീം അംഗങ്ങളായ ജയിംസ് പുഞ്ചൽ, ജെറി എം. തോമസ്, അച്ചു എസ്.പി, അഭിജിത്ത് ഡി.കെ, വിഷ്ണു പി. രമേഷ്, ശ്രീകാന്ത് മണിമല, എക്സിക്യൂട്ടീവ് അംഗങ്ങളായ ബൈജു ഭാസി, ശ്രീജിത്ത് വി.ആർ തുടങ്ങിയവർ സംബന്ധിച്ചു. ഡി.എൻ.എഫ്.ടിക്ക് പുറമെ ടെക് ബാങ്ക്, സിംഗിൾ ഐ.ഡി എന്നിവരുടെ സഹകരണത്തോടെയായിരുന്നു ടീം പരിശീലനം. പ്രസ് ക്ലബ്ബ് സെക്രട്ടറി എം. സൂഫി മുഹമ്മദ് സ്വാഗതവും ട്രഷറർ മനു ഷെല്ലി നന്ദിയും പറഞ്ഞു.

# സർക്കാർ ലക്ഷ്യം ഭൂരഹിതർ ഇല്ലാത്ത കേരളം: മന്ത്രി പി. രാജീവ്

**കൊച്ചി:** ഭൂരഹിതർ ഇല്ലാത്ത കേരളമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. ഏലൂർ മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന ജില്ലാ പട്ടയമേളയിൽ പട്ടയങ്ങൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പട്ടയ വിതരണത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. കേരളത്തിന് ഇതു പുതിയ ചരിത്രമാണ്. രണ്ടരവർഷം കൊണ്ട് ഒന്നര ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യാനായത് അഭിമാനകരമാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുന്നു. സ്വന്തമായി ഒരു തുണ്ട് ഭൂമി എന്നത് എല്ലാവരുടെയും സ്വപ്നമാണെന്നും 830 കുടുംബങ്ങളുടെ സ്വപ്നമാണ് ഇപ്പോൾ സാക്ഷാത്കരിച്ചിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

830 പട്ടങ്ങളാണ് ജില്ലയിൽ വിതരണം ചെയ്തത്. 600 എൽ.ടി പട്ടയങ്ങളും, 75 ദേവസ്വം പട്ടയങ്ങളും,1964 ഭൂപതിവ് ചട്ടപ്രകാരം പഞ്ചായത്ത് പ്രദേശത്തെ 63 കുടുംബങ്ങൾക്കും 1995 ഭൂപതിവ് ചട്ടപ്രകാരം മുൻസിപ്പാലിറ്റി കോർപ്പറേഷൻ പരിധിയിലെ 21 കുടുംബങ്ങൾക്കും വനാവകാശ നിയമ പ്രകാരം 67 കുടുംബങ്ങൾക്കും പട്ടയങ്ങൾ വിതരണം ചെയ്തു.

ആലുവ താലൂക്ക് 30, കോതമംഗലം താലൂക്ക് 21, കണയന്നൂർ താലൂക്ക് 13, മൂവാറ്റുപുഴ താലൂക്ക് 5, കുന്നത്തുനാട് താലൂക്ക് 8, പറവൂർ താലൂക്ക് 3, കൊച്ചി താലൂക്ക് 8 പട്ടയങ്ങളുമാണ് വിതരണം ചെയ്തത്.

ഹൈബി ഈഡൻ എം.പി, എം.എൽ.എമാരായ അൻവർ സാദത്ത്, ആന്റണി ജോൺ, പി.വി ശ്രീനിജിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ഏലൂർ മുനിസിപ്പൽ ചെയർമാൻ എ.ഡി സുജിൽ, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് തുടങ്ങിയവർ പങ്കെടുത്തു.



# ഐടിഐ കോഴ്സുകളിൽ കാലാനുസൃത മാറ്റങ്ങൾ കൊണ്ടുവരും: മന്ത്രി

**തൃശൂർ:** പട്ടികജാതി പട്ടികവർഗ വകുപ്പുകൾക്ക് കീഴിലുള്ള ഐടിഐകളിൽ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള ട്രേഡുകളും കോഴ്സുകളും വിഭാവനം ചെയ്യുന്നതായി പട്ടികജാതി പട്ടികവർഗ പിന്നാക്കവിഭാഗ ക്ഷേമം ദേവസ്വം പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നടത്തറ ഗവ. ഐടിഐയുടെ ചിരകാല സ്വപ്നമായ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പഴയ ട്രേഡുകളും കോഴ്സുകളും പുനസ്ഥാപിച്ച് പുതിയ കോഴ്സുകൾ കൊണ്ടുവരുവാൻ ലക്ഷ്യമിടുന്നുണ്ട്. ഭൂരിപക്ഷം ഐടിഐകളിലെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടു. പഠനത്തോടൊപ്പം വരുമാനവും ലഭിക്കുന്ന വിധമുള്ള കോഴ്സുകൾക്കായും ശ്രമിക്കും. പട്ടികജാതി പട്ടികവർഗ മേഖലയിലെ വികസനങ്ങൾക്ക് ആവശ്യമായ എല്ലാവിധമായ പിന്തുണയും സാഹചര്യങ്ങളും ഒരുക്കിയാണ് സർക്കാർ മുന്നോട്ടു പോകുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പട്ടികജാതി, പട്ടികവർഗ മേഖലയിൽ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിക്കുന്ന കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നതെന്ന് ചടങ്ങിൽ അധ്യക്ഷനായ റവന്യൂ മന്ത്രി കെ രാജൻ പറഞ്ഞു. അരികുവത്കരിക്കപ്പെട്ട ജനതയെ മുഖ്യധാരയിലേക്ക് എത്തിച്ച് അവരുടെ വികാരങ്ങളെ ചേർത്തുപിടിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനുമായതായി മന്ത്രി പറഞ്ഞു.

പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന വിദ്യാഭ്യാസവും തൊഴിലും ഉറപ്പാക്കുകയാണ് വകുപ്പിന്റെ കീഴിലുള്ള ഐടിഐകളുടെ ലക്ഷ്യം. രണ്ട് കോടിയോളം രൂപ ചെലവഴിച്ചാണ് പുതിയ കെട്ടിടം നിർമിച്ചത്.

നടത്തറ ഗവ. ഐടിഐ അങ്കണത്തിൽ നടന്ന പരിപാടിയിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കെ ഗോപാലകൃഷ്ണൻ സ്വാഗതം ആശംസിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് മുഖ്യാതിഥിയായി. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ആർ രവി, നടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീവിദ്യ രാജേഷ്, ജില്ലാ പഞ്ചായത്ത് അംഗം കെ വി സജു, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി ആർ രജിത്ത്, സ്റ്റാൻഡിങ് കമ്മിറ്റി അംഗമായ ഇ എൻ സീതാലക്ഷ്മി, ഗ്രാമപഞ്ചായത്ത് അംഗം ബിന്ദു കാട്ടുങ്ങൽ, ഉത്തരമേഖല ട്രെയിനിങ് ഇൻസ്പെക്ടർ എ ബാബുരാജൻ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# ആറ്റുകാൽ പൊങ്കാല: ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കാൻ ആക്ഷൻ പ്ലാൻ

**തിരുവനന്തപുരം:** ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് ജില്ലാതല ആക്ഷൻ പ്ലാൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കുട്ടികൾ, പ്രായമായവർ തുടങ്ങി പതിനായിരക്കണക്കിന് സ്ത്രീകൾ പൊങ്കാലയ്ക്കെത്തുന്നതിനാൽ വിപുലമായ ക്രമീകരണങ്ങളാണ് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. പൊങ്കാലയുടെ തലേ ദിവസം മുതൽ പൊങ്കാല കഴിഞ്ഞ് ഭക്തജനങ്ങൾ മടങ്ങിപ്പോകുന്നതുവരെ ആരോഗ്യവകുപ്പിലെ ഡോക്ടർമാർ അടങ്ങിയ 10 മെഡിക്കൽ ടീമുകളെ ആംബുലൻസ് ഉൾപ്പെടെ വിവിധ ഭാഗങ്ങളിൽ നിയോഗിക്കും. എന്തെങ്കിലും ശാരീരിക അസ്വസ്ഥകൾ ഉണ്ടായാൽ ആരോഗ്യ വകുപ്പിന്റെ സേവനം തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിനാണ് ഏകോപന ചുമതല. വിവിധ ടീമുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. ഫെബ്രുവരി 26 വരെ ഈ കൺട്രോൾ റൂമിന്റെ പ്രവർത്തനം തുടരും. ഇതിന് പുറമെ പൊങ്കാല ദിവസമായ ഫെബ്രുവരി 25ന് ക്ഷേത്ര പരിസരത്ത് ഒരു മെഡിക്കൽ ഓഫീസറിന്റെ നേതൃത്വത്തിൽ കൺട്രോൾ റൂം പ്രവർത്തിക്കും.

നഗര പരിധിയിലുള്ള 16 അർബൻ ഹെൽത്ത് സെന്ററുകൾ പ്രാഥമിക ശുശ്രൂഷകൾ നൽകുന്ന ഫീൽഡ് ഹോസ്പിറ്റലുകളായി പ്രവർത്തിക്കും. ഫോർട്ട് താലൂക്ക് ആശുപത്രി, നേമം താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഐരാണിമുട്ടം സാമൂഹികാരോഗ്യ കേന്ദ്രം, 10 സ്വകാര്യ ആശുപത്രികൾ എന്നിവ തീവ്രമല്ലാത്ത സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്ന കണ്ടിജന്റ് സെന്ററുകളായി പ്രവർത്തിക്കും. ഏത് അടിയന്തിര സാഹചര്യവും നേരിടുന്ന സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രവർത്തിക്കും. അടിയന്തിര സാഹചര്യമുണ്ടായാൽ നേരിടുന്നതിനായി അത്യാഹിത വിഭാഗത്തിൽ 100 കിടക്കകളും പൊള്ളലേറ്റാൽ ചികിത്സയ്ക്കായി വാർഡ് 26ൽ 30 കിടക്കകളും സജ്ജീകരിക്കും.

ഫെബ്രുവരി 26 വരെ ആരോഗ്യ സേവനങ്ങൾക്ക് രാവിലെ 7 മുതൽ രാത്രി 10 വരെ രണ്ട് ഷിഫ്റ്റുകളായി ഡോക്ടർ, സ്റ്റാഫ് നഴ്സ്, അറ്റന്റർമാരുമടങ്ങുന്ന മെഡിക്കൽ ടീമും കുത്തിയോട്ടത്തിന് വ്രതം അനുഷ്ഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ വൈദ്യസഹായത്തിന് ശിശുരോഗ വിദഗ്ദ്ധർ, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരടങ്ങിയ മെഡിക്കൽ ടീമും പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ 5 ഡോക്ടർമാരും സ്റ്റാഫ് നേഴ്സുമാരും അടങ്ങിയ ഐ എംഎയുടെ മെഡിക്കൽ ടീം ആറ്റുകാൽ ക്ഷേത്ര പരിസരത്ത് പൊങ്കാല ദിവസം വൈദ്യ സഹായം നൽകും.ഫെബ്രുവരി 26 വരെ രണ്ട് ആംബുലൻസുകൾ ക്ഷേത്ര പരിസരത്ത് വിന്യസിച്ചിട്ടുണ്ട്. ഇതുകൂടാതെ മറ്റ് വകുപ്പുകളുടെ 10 ആംബുലൻസുകളും സ്വകാര്യ ആശുപത്രികളുടെ 7 ആംബുലൻസുകളും ഒരുക്കിയിട്ടുണ്ട്. ജാഗ്രതാ പോയിന്റുകളിൽ ആരോഗ്യ വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും ആംബുലൻസുകൾ 24ന് വൈകുന്നേരം മുതൽ സജ്ജമാക്കും.



# വർമ്മ ഹോംസ്: ബ്രോഷർ പ്രകാശനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ കലൂർ സ്റ്റേഡിയം റോഡിന് സമീപമുള്ള ലക്ഷ്വറി പ്രോജക്ട് ഗാർഡേനിയ ബൈ വർമ്മയുടെ ശിലാസ്ഥാപനത്തോടനുബന്ധിച്ച് തയ്യാറാക്കിയ ബ്രോഷർ ടി.ജെ വിനോദ് എം.എൽ.എയും വർമ്മ ഹോംസ് ഡയറക്ടർ ഡോ.മിനി വർമ്മയും ചേർന്ന് പ്രകാശനം ചെയ്തു.

വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽവർമ്മ, കൊച്ചി കോർപ്പറേഷൻ കൗൺസിലർമാരായ സക്കീർ തമ്മനം,ജോർജ്ജ് നാനാട്ട്,വർമ്മ ഹോംസ് ഓപ്പറേഷൻസ് മാനേജർ വൈശാഖ് വർമ്മ,പ്ലാനിംഗ് മാനേജർ ആരതി വർമ്മ തുടങ്ങിയവർ പങ്കെടുത്തു.വർമ്മ എക്സ്പീരിയൻസ് സെന്റർ ,ലക്സ് പ്രോമിസ എന്നിവയുടെ ഉദ്ഘാടനം ക്രഡായ് കേരള ചെയർമാൻ രവി ജേക്കബ്ബ് ചടങ്ങിൽ നിർവ്വഹിച്ചു.

# ലീപ് വീക്ക് ഓഫറുമായി വണ്ടർല

**കൊച്ചി:** ഫെബ്രുവരി 24 മുതൽ 29 വരെ പാർക്കുകളിൽ 'ലീപ് വീക്ക് ഓഫർ' പ്രഖ്യാപിച്ച് വണ്ടർല ഹോളിഡേയ്സ്. ഓഫറിന്റെ ഭാഗമായി 24 മുതൽ 29 വരെയുള്ള ഒരാഴ്ച 929 രൂപ നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാകും. 'ലീപ് വീക്ക് ഓഫർ'ന്റെ ഭാഗമായി സന്ദർശകർക്ക് പാർക്ക് ടിക്കറ്റും ഭക്ഷണവും അടങ്ങുന്ന കോംബോ ടിക്കറ്റുകൾ 1229 രൂപയിലും ലഭിക്കും. ബുക്കിംഗ് നിലവിൽ ലഭ്യമാണ്. ഓൺലൈൻ ടിക്കറ്റുകൾക്ക് മാത്രം ബാധകമായ ലീപ് വീക്ക് ഓഫർ വണ്ടർലയുടെ കൊച്ചി, ബെംഗളൂരു, ഹൈദരാബാദ് പാർക്കുകളിൽ ലഭ്യമാണ്.

നാല് വർഷത്തിലൊരിക്കൽ ലഭിക്കുന്ന ഈ പരിമിതകാല ഓഫർ, വണ്ടർലയുടെ മികച്ച റൈഡുകൾ, ആകർഷണങ്ങൾ, വിനോദങ്ങൾ എന്നിവ മിതമായ നിരക്കിൽ എല്ലാ പ്രായത്തിലുമുള്ളവർക്കും ആസ്വദിക്കാനുള്ള അവസരം കൂടിയാണ്. വണ്ടർല എന്നത് റൈഡുകളും ആകർഷണങ്ങളും മാത്രമല്ലെന്നും ഓരോ സന്ദർശകനും ആസ്വാദകരമായ നിമിഷങ്ങളും ഓർമ്മകളും സൃഷ്ടിക്കുന്നതിനാണ് മുൻഗണന നൽകുന്നതെന്നും 'ലീപ് വീക്ക് ഓഫർ' അതിനുള്ള മികച്ച അവസരമാണെന്നും വണ്ടർല ഹോളിഡേയ്സിന്റെ മാനേജിംഗ് ഡയറക്ടർ അരുൺ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും വണ്ടർലാ പേജ് സന്ദർശിക്കാം. 04843514001, 75938 53107 എന്നീ നമ്പറുകളിലും ബന്ധപ്പെടാം.

# ഗ്യാലക്സി ബുക്ക്4 സീരിസ് പ്രീ ബുക്ക് ആരംഭിച്ചു

**കൊച്ചി:** സാംസങ് ഗ്യാലക്സി ബുക്ക്4 സീരിസിന്റെ പ്രീബുക്കിംഗ് ആരംഭിച്ചു. ഗ്യാലക്സി ബുക്ക്4 പ്രോ 360, ഗ്യാലക്സി ബുക്ക്4 പ്രോ, ഗ്യാലക്സി ബുക്ക്4 360 എന്നിവയടങ്ങുന്ന ഗ്യാലക്സി ബുക്ക്4 സീരീസ് മികച്ച പേഴ്സണൽ കമ്പ്യൂട്ടർ സീരീസായിട്ടാണ് കണക്കാക്കപ്പെടുന്നത്. പുതിയ മികച്ച പ്രോസസ്സർ, കൂടുതൽ ആകർഷകവും സംവേദക്ഷമവുമായ ഡിസ്പ്ലെ, കരുത്തുറ്റ സുരക്ഷ സംവിധാനങ്ങൾ എന്നിവയോട് കൂടി വിപണിയിലെത്തുന്ന ഗ്യാലക്സി ബുക്ക്4 സീരീസ് മികച്ച ക്ഷമതയും കണക്ടിവിറ്റിയുള്ള എഐ കേന്ദ്രീകൃത പേഴ്സണൽ കമ്പ്യൂട്ടറിന്റെ ഒരു പുതിയ യുഗത്തിന് തുടക്കം കുറിക്കുമെന്നാണ് കരുതുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം

**ആലുവ:** ഇസാഫ് ഫൗണ്ടേഷന്റെ ട്രെയിനിങ് സെന്ററിൽ വനിതകൾക്കായി മൂന്ന് ദിവസത്തെ ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ പ്രോസസിങ് പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. സോൾട്ടിങ്, അച്ചാറുകൾ, സ്ക്വാഷുകൾ, ജാമുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനമാണ് സംഘടിപ്പിക്കുന്നത്. ആലുവ ഗവണ്മെന്റ് ആശുപത്രിക്ക് സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിൽ ഫെബ്രുവരി 27, 28, 29 ദിവസങ്ങളിലാണ് പരിശീലനം. പങ്കെടുക്കാൻ താല്പര്യമുള്ളവർ വിളിക്കുക; 04843548159, 9846494981, 9495664227




# ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ ന്യായാധിപരിലെ വേറിട്ട വ്യക്തിത്വം: ഡോ. എം. സി. ദിലീപ് കുമാർ

**കൊച്ചി:** ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ ന്യായാധിപരിലെ വേറിട്ട വ്യക്തിത്വത്തിന് ഉടമയും സംസ്കൃത ഭാഷാസ്നേഹിയുമായിരുന്നുവെന്ന് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം. സി. ദിലീപ് കുമാർ പറഞ്ഞു. സർവകലാശാലയിലെ സംസ്കൃതം ന്യായ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ ഫോർ ഇന്ത്യൻ ജൂറിസ്പൂഡൻസിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച മുൻ ചീഫ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്കൃത ഭാഷയോടും ഇന്ത്യയുടെ ധർമ്മ നീതി ശാസ്തങ്ങളോടുമുള്ള അദ്ദേഹത്തിന്റെ താല്പര്യമാണ് 'അഡ്വാൻസഡ് സ്റ്റഡി സെന്റർ ഫോർ ഇന്ത്യൻ ജൂറിസ്പ്രൂഡൻസ് ' സർവ്വകലാശാലയിലെ സംസ്കൃതം ന്യായ വിഭാഗത്തിന് കീഴിൽ ആരംഭിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അനുകമ്പയുള്ള ന്യായാധിപനെന്ന നിലയിൽ സത്യധർമ്മങ്ങളിൽ അധിഷ്ഠിതമായി മാത്രം കേസുകൾ കൈകാര്യം ചെയ്യുമ്പോഴും സാമൂഹികവും മന:ശാസ്തപരവുമായ സമീപനം കൂടി പുലർത്തിയിരുന്നതിനാൽ സമകാലിക ന്യായാധിപന്മാരിൽ നിന്ന് അദ്ദേഹത്തിന്റെ വ്യക്തിത്വം വേറിട്ട് നിൽക്കുകയും മറ്റു ന്യായാധിപന്മാർക്ക് അദ്ദേഹം അനുകരണീയ മാതൃകയായി മാറുകയും ചെയ്തു. അസാധാരണമായ ഈ സവിശേഷതകളാവാം നാല് വ്യത്യസ്ത ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസായി അദ്ദേഹം നിയമിതനായതിനു പിന്നിലെ കാരണം, ഡോ. എം. സി. ദിലീപ് കുമാർ അനുസ്മരിച്ചു. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അദ്ധ്യക്ഷനായിരുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി ആമുഖ പ്രഭാഷണം നിർവ്വഹിച്ചു.

മുൻ ചീഫ് ജസ്റ്റിസ് തോട്ടത്തിൽ ബി.രാധാകൃഷ്ണന്റെ സഹധർമ്മിണി മീര സെൻ, എൻഡോവ്മെന്റ് രേഖകൾ സർവ്വകലാശാലയ്ക്ക് കൈമാറി. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ എൻഡോവ്മെന്റ് രേഖകൾ ഏറ്റുവാങ്ങി. സർവകലാശാല മുൻ സ്റ്റാൻഡിംഗ് കൗൺസിൽ അഡ്വ. അരുൺ ബി. വർഗീസ്, പ്രൊഫ. കെ. ജി. കുമാരി, അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ ഫോർ ഇന്ത്യൻ ജൂറിസ്പ്രൂഡൻസ് കോഓർഡിനേറ്റർ ഡോ. വി. കെ. ഭവാനി എന്നിവർ പ്രസംഗിച്ചു.

മുൻ ചീഫ് ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണന്റെ മക്കളായ അഡ്വ. കേശവരാജ് നായർ, അഡ്വ. പാർവ്വതി നായർ, മരുമകൾ അഡ്വ. ഗാഥ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ഹരിതോർജ്ജ ഉപയോഗം: മികച്ച മുന്നേറ്റവുമായി റെനോ നിസാൻ

**കൊച്ചി:** ഹരിതോർജ്ജത്തിനു പ്രാമുഖ്യം നൽകി ചെന്നൈ ഒറഗഡത്ത് പ്രവർത്തിക്കുന്ന വാഹന നിർമ്മാതാക്കളായ റെനോ നിസാൻ ഓട്ടോമോട്ടീവ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (ആർഎൻഐപിഎൽ). കഴിഞ്ഞ വർഷം ജൂലൈ മുതൽ ഡിസംബർ വരെ പ്ലാന്റിന്റെ പ്രവർത്തനത്തിന് ഉപയോഗിച്ചത് ശരാശരി 85%ൽ അധികവും ഹരിതോർജ്ജം. ഇക്കാലയളവിൽ തന്നെ സെപ്റ്റംബറിൽ നൂറു ശതമാനവും ഹരിതോർജ്ജത്തിലാണ് റെനോ നിസാൻ പ്രവർത്തിച്ചത്. ഇൻഹൗസ്, ബാഹ്യ സ്രോതസുകളുടെ സംയോജനമാണ് കാറുകളുടെ നിർമ്മാണത്തിനു ആർഎൻഐപിഎൽ ഉപയോഗിക്കുന്നത്.



ആസൂത്രിതവും സുസ്ഥിരവുമായി ഹരിതോർജ്ജം പ്രയോജനപ്പെടുത്തിയതിലൂടെ കഴിഞ്ഞ ജൂലൈ മുതലുള്ള ആറുമാസത്തിനിടെ മുപ്പത്തിനായിരത്തിലേറെ ടൺ കാർബൺ ഡൈഓക്സൈഡിന്റെ പുറംതള്ളൽ ഇല്ലാതാക്കാൻ കഴിഞ്ഞു. ഇൻ ഹൗസ് സൗരോർജ്ജ പ്ലാന്റ്, മറ്റു വിൻഡ് സോളാർ ഫാമുകൾ എന്നിവടങ്ങളിൽ നിന്നുള്ള വൈദ്യുതിയാണ് കാർബൺ പുറംതള്ളൽ കുറയ്ക്കാൻ റെനോ നിസാൻ പ്ലാന്റ് ഉപയോഗിക്കുന്നത്. മഴവെള്ള കൊയ്ത്ത്, മലിനജല പുനരുപയോഗം, ജലാശയങ്ങളുടെ പുനർജീവനം തുടങ്ങിയ പരിസ്ഥിതി ആഘാതപ്രതിരോധ നടപടികളും പ്ലാന്റ് നടപ്പാക്കുന്നുണ്ട്. ഒരു കാർ നിർമ്മിക്കാൻ വേണ്ട ഊർജ്ജത്തിന്റെ അളവ് 2030 ഓടെ 20 ശതമാനം കണ്ടു കുറക്കാനുള്ള ശ്രമങ്ങളിലാണ് പ്ലാന്റ്. 2045 ഓടെ ഇത് 30 ശതമാനമാക്കും.

പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന് പ്രതിജ്ഞാബദ്ധമാണെന്ന് ആർഎൻഐപിഎൽ മാനേജിംഗ് ഡയറക്ടർ കീർത്തി പ്രകാശ് പറഞ്ഞു. 2045 ഓടെ കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ കൈവരിക്കുന്നതിനും 2030 ഓടെ വാട്ടർ പോസിറ്റീവ് ആക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതി പുരോഗമിക്കുകയാണ്. ഹരിതോർജ്ജ ഉപയോഗത്തിൽ കൈവരിച്ച നാഴികക്കല്ല് നിശ്ചയദാർഢ്യം വ്യക്തമാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

# തങ്കമണി മാർച്ച് 7ന്




സൂപ്പർ ഗുഡ് ഫിലിംസിന്റെ ബാനറിൽ ആർ ബി ചൗധരി, ഇഫാർ മീഡിയയുടെ ബാനറിൽ റാഫി മതിര എന്നിവർ ചേർന്ന് നിർമ്മിച്ച് രതീഷ് രഘുനന്ദൻ സംവിധാനം ചെയ്യുന്ന ജനപ്രിയനായകൻ ദിലീപിന്റെ നൂറ്റിനാൽപ്പത്തിയെട്ടാമത്തെ ചിത്രമായ 'തങ്കമണി' മാർച്ച് ഏഴിന് ഡ്രീം ബിഗ് ഫിലിംസ് പ്രദർശനത്തിനെത്തിക്കുന്നു.നീത പിള്ള, പ്രണിത സുഭാഷ് എന്നിവരാണ് നായികമാർ.അജ്മൽ അമീർ, സുദേവ് നായർ,സിദ്ദിഖ്, മനോജ് കെ ജയൻ, കോട്ടയം രമേഷ്, മേജർ രവി,സന്തോഷ് കീഴാറ്റൂർ,അസീസ് നെടുമങ്ങാട്,തൊമ്മൻ മാങ്കുവ,ജിബിൻ ജി, അരുൺ ശങ്കരൻ, മാളവിക മേനോൻ, രമ്യ പണിക്കർ, മുക്ത, ശിവകാമി, അംബിക മോഹൻ,സ്മിനു,എന്നിവരും, കൂടാതെ തമിഴ് താരങ്ങളായ ജോൺ വിജയ്, സമ്പത്ത് റാം എന്നിവർക്ക് പുറമേ അൻപതിലധികം ക്യാരക്ടർ ആർട്ടിസ്റ്റുകളും ചിത്രത്തിൽ അഭിനയിക്കുന്നു.ഛായാഗ്രഹണം മനോജ് പിള്ള,എഡിറ്റർശ്യാം ശശിധരൻ,ഗാനരചനബി ടി അനിൽ കുമാർ, സംഗീതം വില്യം ഫ്രാൻസിസ്,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസുജിത് ജെ നായർ,പ്രൊജക്ട് ഡിസൈനർ സജിത് കൃഷ്ണ,പ്രൊഡക്ഷൻ കൺട്രോളർമോഹൻ 'അമൃത',സൗണ്ട് ഡിസൈനർ ഗണേഷ് മാരാർ,മിക്സിംഗ് ശ്രീജേഷ് നായർ,കലാസംവിധാനംമനു ജഗദ്, മേക്കപ്പ്റോഷൻ,കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ,സ്റ്റണ്ട്രാജശേഖർ,സ്റ്റൺ ശിവ,സുപ്രീം സുന്ദർ,മാഫിയ ശശി,പ്രോജക്ട് ഹെഡ് സുമിത്ത് ബി പിചീഫ് അസോസിയേറ്റ് ഡയറക്ടർമനേഷ് ബാലകൃഷ്ണൻ,വിഎഫ്എക്സ്എഗ്ഗ് വൈറ്റ്,സ്റ്റിൽസ്ശാലു പേയാട്,ഡിസൈൻഅഡ്സോഫ്ആഡ്സ്,പി ആർ ഒഎ എസ് ദിനേശ്.



# പേട്ടറാപ്പ് ചിത്രീകരണം പൂർത്തിയായി

എസ്. ജെ. സിനു സംവിധാനം ചെയ്യുന്ന പ്രഭുദേവാ ചിത്രം പേട്ടറാപ്പിന്റെ ചിത്രീകരണം പൂർത്തിയായി. സംഗീതത്തിനും നൃത്തത്തിനും കൂടുതൽ പ്രാധാന്യമുള്ള കളർഫുൾ എന്റെർറ്റൈനെറായി ഒരുങ്ങുന്ന ചിത്രത്തിന്റെ സംഗീതം ഒരുക്കുന്നത് ഡി. ഇമ്മൻ ആണ്. ചെന്നൈ, കേരളം, പോണ്ടിച്ചേരി, പൊള്ളാച്ചി, തായ്‌ലൻഡ് തുടങ്ങിയ സ്ഥലങ്ങളിലാണ് ചിത്രത്തിന്റെ ചിത്രീകരണം നടന്നത്. അറുപത്തി നാലു ദിവസങ്ങൾ നീണ്ട ചിത്രത്തിന്റെ ചിത്രീകരണം ആണ് അവസാനിച്ചത്.ബ്ലൂ ഹിൽ ഫിലിംസിന്റെ ബാനറിൽ ജോബി പി സാമാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. പി.കെ. ദിനിലാണ് ചിത്രത്തിന്റെ കഥയും തിരക്കഥയും ഒരുക്കിയിരിക്കുന്നത്. ജിത്തു ദാമോദർ ആണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത്. എഡിറ്റിങ് : നിഷാദ് യൂസഫ്, ആർട്ട് ഡയറക്ടർ : എ. ആർ. മോഹൻ, പ്രൊഡക്ഷൻ കൺട്രോളർ: ആനന്ദ്.എസ്, ശശികുമാർ.എസ്, എക്സികുട്ടിവ് പ്രൊഡ്യൂസർ : റിയ.എസ്, വസ്ത്രാലങ്കാരം : അരുൺ മനോഹർ, മേക്കപ്പ് : അബ്ദുൽ റഹ്മാൻ, കൊറിയോഗ്രാഫി : ഭൂപതി രാജ, റോബർട്ട്, സ്റ്റണ്ട് : ദിനേശ് കാശി, വിക്കി മാസ്റ്റർ, ലിറിക്സ് : വിവേക് , മധൻ ഖാർഗി, വി എഫ് എക്സ് : എഫെക്റ്റ്സ് ആൻഡ് ലോജിക്സ് , ക്രിയേറ്റിവ് സപ്പോർട് : സഞ്ജയ് ഗസൽ, കോ ഡയറക്ടർ : അഞ്ജു വിജയ്, ഡിസൈൻ : യെല്ലോ ടൂത്ത്, സ്റ്റിൽസ് : സായി സന്തോഷ്. ചിത്രത്തിന്റെ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുകയാണ്. പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് :പ്രതീഷ് ശേഖർ.

# ഒരു ജാതി ജാതകം




അരവിന്ദന്റെ അതിഥികൾ' എന്ന വൻ വിജയത്തിന് ശേഷംവിനീത് ശ്രീനിവാസനെ നായകനാക്കി എം മോഹനൻ സംവിധാനം ചെയ്യുന്ന 'ഒരു ജാതി ജാതകം ' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.വർണച്ചിത്രയുടെ ബാനറിൽ മഹാസുബൈർ നിർമിക്കുന്ന ഈ ചിത്രത്തിൽ നിഖില വിമൽ,ബാബു ആന്റണി,പി പി കുഞ്ഞികൃഷ്ണൻ, മൃദുൽ നായർ,ഇഷാ തൽവാർ വിധു പ്രതാപ്,സയനോര ഫിലിപ്പ്,കയാദു ലോഹർ,രഞ്ജി കങ്കോൽ,അമൽ താഹ,ഇന്ദു തമ്പി,രഞ്ജിത മധു,ചിപ്പി ദേവസ്യ,വർഷ രമേശ്, അരവിന്ദ് രഘു, ശരത്ത് ശഭ തുടങ്ങിയ പ്രമുഖ താരങ്ങൾ അഭിനയിക്കുന്നു. വിശ്വജിത് ഒടുക്കത്തിൽ ഛായാഗ്രഹണംനിർവ്വഹിക്കുന്നു.രാകേഷ് മണ്ടോടി തിരക്കഥ സംഭാഷണം എഴുതുന്നു എഡിറ്റർരഞ്ജൻ എബ്രഹാം,ഗാനരചന മനു മഞ്ജിത്ത്,സംഗീതംഗുണ ബാലസുബ്രമണ്യം,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സൈനുദ്ദീൻ,കല ജോസഫ് നെല്ലിക്കൽമേക്കപ്പ് ഷാജിപുൽപള്ളി, വസ്ത്രാലങ്കാരം റാഫി കണ്ണാടിപ്പറമ്പ്.കോ റൈറ്റർ സരേഷ് മലയൻകണ്ടി,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സൈനുദ്ദീൻ,പ്രൊഡക്ഷൻ കൺട്രോളർ ഷമീജ് കൊയിലാണ്ടി,ക്രിയേറ്റീവ് ഡയറക്ടർമനു സെബാസ്റ്റ്യൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ അനിൽ എബ്രാഹം, ഫിനാൻസ് കൺട്രോളർ ഉദയൻ കപ്രശ്ശേരി,കാസ്റ്റിംഗ് ഡയറക്ടർ പ്രശാന്ത് പാട്യം, സ്റ്റിൽസ് പ്രേംലാൽ പട്ടാഴി, പരസ്യകല അരുൺ പുഷ്ക്കരൻ,പ്രൊഡക്ഷൻ എക്സിക്കുട്ടീവ്സ് നസീർ കൂത്തുപറമ്പ്,അബിൻ എടവനക്കാട്,വിതരണംവർണ്ണച്ചിത്ര,പി ആർ ഒഎ എസ് ദിനേശ്.

# വാസവദത്ത തൃശൂരിൽ



മഹാകവി കുമാരനാശാന്റെ കരുണ എന്ന കാവ്യത്തിന് പുത്തൻ ഭാഷ്യം ഒരുക്കാൻ കാരുണ്യ ക്രിയേഷൻസ് സൗഹൃദ കൂട്ടായ്മ നിർമ്മിച്ച് ശ്യാം നാഥ് രചനയും സംവിധാനവും നിർവ്വഹിക്കുന്ന ' വാസവദത്ത' എന്ന ചിത്രത്തിന്റെ ചിത്രീകരണം തൃശൂരിൽ ആരംഭിച്ചു. വാസവദത്തയായി രേവതി സ്വാമിനാഥൻ, തോഴിയായി തമിഴ് മലയാള നടിയായ രമ്യ, ഉപഗുപ്തനായി നിഷാർ ഇബ്രാഹിം, ശങ്കര ചെട്ടിയായി വൈക്കം ഭാസി എന്നിവർ പ്രധാന കഥാപാത്രങ്ങളാകുന്ന ഈ ചിത്രത്തിൽ അലൻസിയർ, നന്ദകിഷോർ,ഗീതാ വിജയൻ, തട്ടീം മുട്ടീം ജയകുമാർ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.കിരൺ രാജ് മുളങ്കുന്നത്തുകാവ് ഛായാഗ്രഹണം നിർവഹിക്കുന്നു.ശ്യാം നാഥ് എഴുതിയ വരികൾക്ക് ജെറി അമൽ ദേവ് സംഗീതം പകരുന്നു.മധു ബാലകൃഷ്ണൻ, ഗായത്രി എന്നിവരാണ് ഗായകർ.എഡിറ്റിംഗ്ജിസ്സ്,ആർട്ട് കണ്ണൻ മുണ്ടൂർമേക്കപ്പ് രാജേഷ് ആലത്തൂർ, കോസ്റ്റ്യൂംസ്മുത്തു മൂന്നാർ, പ്രൊഡക്ഷൻ കൺട്രോളർഅശ്വിൻ,കൊഓഡിനേറ്റർബിനീഷ് തിരൂർ,പി ആർ ഒ എ എസ് ദിനേശ്.

# കോഴിക്കോട്- മുംബൈ നേരിട്ടുള്ള സർവ്വീസിന് തുടക്കമിട്ട് എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് കോഴിക്കോട് നിന്നും മുംബൈയിലേക്ക് നേരിട്ടുള്ള പ്രതിദിന വിമാന സർവീസ് ആരംഭിച്ചു.

കോഴിക്കോട് നിന്നും പുലർച്ചെ 1.10നും മുംബൈയിൽ നിന്നും രാത്രി 10.50നുമാണ് സർവീസുകൾ. നേരിട്ടുള്ള സർവീസ് ആയതിനാൽ രണ്ട് മണിക്കൂറിൽ താഴെ മാത്രമാണ് യാത്ര സമയം.ഇന്ന് (23 ഫെബ്രുവരി 2024) പുലർച്ചെ 1.10നായിരുന്നു മുംബൈയ്ക്കുള്ള ആദ്യ സർവീസ്. കോഴിക്കോട് മുംബൈ റൂട്ടിലെ എയർ ഇന്ത്യ എക്സ്പ്രസിൻറെ നേരിട്ടുള്ള ഈ സർവീസിന് വലിയ സ്വീകാര്യതയാണ് പ്രതീക്ഷിക്കുന്നത്.എയർ ഇന്ത്യ എക്സ്പ്രസ് നിലവിൽ കോഴിക്കോട് നിന്ന് ആഴ്ചയിൽ 101 അന്താരാഷ്ട്ര വിമാന സർവീസുകൾ നടത്തുന്നുണ്ട്.

എയർലൈൻ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര വിമാന സർവീസുകൾ നടത്തുന്നതും കോഴിക്കോട്ട് നിന്നാണ്.കഴിഞ്ഞ മാസം കോഴിക്കോട് നിന്നും നേരിട്ടുള്ള പ്രതിദിന ബംഗളൂരു സർവീസും എയർ ഇന്ത്യ എക്സ്പ്രസ് ആരംഭിച്ചിരുന്നു. ഈ സർവീസുകൾക്ക് പുറമേ ബഹ്റൈൻ, കുവൈറ്റ്, മസ്കറ്റ്, ദുബായ്, അബുദാബി, ഷാർജ,




ദോഹ, ജിദ്ദ, റിയാദ്, ദമാം തുടങ്ങി 15 സ്ഥലങ്ങളിലേക്കു കൂടി എയർ ഇന്ത്യ എക്സ്പ്രസ് കോഴിക്കോട് നിന്നും നേരിട്ടുള്ള വിമാന സർവീസുകൾ നടത്തുന്നുണ്ട്. അയോധ്യ, ഡൽഹി, കൊൽക്കത്ത, ഭുവനേശ്വർ, ചെന്നൈ തുടങ്ങി 19 ലക്ഷ്യസ്ഥാനങ്ങളിലേക്ക് കോഴിക്കോട് നിന്നും എയർ ഇന്ത്യ എക്സ്പ്രസ് വൺസ്റ്റോപ് ഫ്ലൈറ്റ് സർവീസുകളും ലഭ്യമാക്കിയിട്ടുണ്ട്.

കോഴിക്കോടിനെ ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ഈ പുതിയ വിമാന സർവീസ് മലബാറിൻറെ വളർച്ചയിൽ സുപ്രധാന പങ്ക് വഹിക്കും.

# 28 കോളേജുകളിലെ റൂസ പദ്ധതികൾ പൂർത്തിയായി

**തിരുവനന്തപുരം:** സംസ്ഥാനത്തെ 28 കോളേജുകളിൽ കൂടി റൂസ പദ്ധതിയിൽ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കി. പൂർത്തിയാക്കിയ പദ്ധതികൾ ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ആർ. ബിന്ദു നാടിനു സമർപ്പിച്ചു.

ഗവേഷണാത്മക പ്രവർത്തനങ്ങളിലേക്ക് കുട്ടികളെ തുടക്കം മുതൽ പ്രോത്സാഹിപ്പിക്കണമെന്ന് മന്ത്രി പറഞ്ഞു. സമൂഹത്തിന്റെ തീക്ഷ്ണ പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത് അവയ്ക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിയുന്ന രീതിയിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തണം.

തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കണം. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ്പ് നികത്തുന്നതിന് സ്കിൽ എൻഹാൻസ്മെന്റിനുള്ള നിരവധി പദ്ധതികളും പ്രവർത്തനങ്ങളുമാണ് ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നത്. കൂടുതൽ വിദ്യാർത്ഥികൾക്ക് തൊഴിൽപരമായ ആഭിമുഖ്യം വളർത്തുന്നതിനും അവരുടെ സംരംഭകത്വ താല്പര്യം ഉയർത്തുന്നതിനും വേണ്ടിയുള്ള പരിശ്രമങ്ങളും നടക്കുകയാണെന്ന് മന്ത്രി വ്യക്തമാക്കി.

റൂസ പദ്ധതിയിലൂടെ 35 കോടിയിലധികം രൂപ മുടക്കി പൂർത്തിയാക്കിയ അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങളാണ് വിദ്യാർത്ഥികൾക്കായി സമർപ്പിച്ചത്. 15 അക്കാദമിക് ബ്ലോക്കുകൾ (61 ക്ലാസ് മുറികൾ), മൂന്ന് ഓഡിറ്റോറിയങ്ങൾ/ സെമിനാർ ഹാളുകൾ, രണ്ട് ഭരണനിർവ്വഹണ ബ്ലോക്കുകൾ, ഭക്ഷണശാല, പരീക്ഷാ കേന്ദ്രം, ആറ് കമ്പ്യൂട്ടർ ലാബുകൾ/ ഡിജിറ്റൽ ലൈബ്രറികൾ, നാല് ഹോസ്റ്റലുകൾ/ജീവനക്കാരുടെ ക്വാർട്ടേഴ്സ് എന്നിവയാണ് പുതിയതായി നിർമ്മിച്ചത്. കൂടാതെ ക്ലാസ് മുറികൾ, ലൈബ്രറികൾ, ഭരണനിർവ്വഹണ ബ്ലോക്കുകൾ, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്.

# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം

**കൊച്ചി:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എംപ്ലോയീസ് യൂണിയന്റെ (കേരളം) 37ാമത് സംസ്ഥാന സമ്മേളനം നാളെ എറണാകുളം ടൗൺ ഹാളിൽ നടക്കും.




സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയുടെ സ്ഥിരതയെയും, തൊഴിൽ രംഗത്തെയും ബാധിക്കുന്ന നിരവധി പ്രശ്നങ്ങളും, കൂടാതെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയെ സംബന്ധിച്ച് ആവശ്യമായ നടപടികളും, നയപരമായ മാറ്റങ്ങളും സമ്മേളനം ചർച്ച ചെയ്യും. നയരൂപീകരണ വിദഗ്ദ്ധരും യൂണിയൻ പ്രതിനിധികളും ബാങ്കിങ്ങ് സർവീസ് മേഖലയുമായി ബന്ധപ്പെട്ടവരും സമ്മേളനത്തിൽ പങ്കെടുക്കും. റവന്യൂ മന്ത്രി കെ രാജൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. യുബിഐഇയു (കേരളം) പ്രസിഡന്റ് സി അനന്തകൃഷ്ണൻ അധ്യക്ഷത വഹിക്കും.എഐയുബിഇഎ ജനറൽ സെക്രട്ടറിയും എഐബിഇഎ വൈസ് പ്രസിഡന്റുമായ എൻ ശങ്കർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മംഗളൂരു സോണിന്റെ ജനറൽ മാനേജറും സോണൽ ഹെഡുമായ രേണു കെ നായർ ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ മുഖ്യാതിഥികളായി പങ്കെടുക്കും.

നികത്താത്ത ഒഴിവുകളും സ്വകാര്യവൽക്കരണവും ലയനവും ഉൾപ്പെടെയുള്ള നിർണായക വെല്ലുവിളികളാണ് ബാങ്കിംഗ് മേഖല അഭിമുഖീകരിക്കുന്നതെന്നുംതൊഴിൽ സുരക്ഷ, ന്യായമായ വേതനം, ബാങ്കിംഗ് പോലുള്ള അവശ്യ സേവനങ്ങളിലെ പൊതു ഉടമസ്ഥാവകാശം സംരക്ഷിക്കൽ എന്നിവയ്ക്ക് മുൻഗണന നൽകുന്ന നയങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് സമ്മേളനം നിർണായക വേദിയാവുമെന്ന് സംഘാടക സമിതി ചെയർമാൻ പി ആർ സുരേഷ് പറഞ്ഞു.വ്യാപകമായ ഒഴിവുകൾ കേവലം ചെലവ് ചുരുക്കൽ നടപടികളായി കാണരുതെന്നും, കൂടുതൽ വിദഗ്ധ തൊഴിലാളികൾ റിക്രൂട്ട് ചെയ്യപ്പെടാത്തത് അവഗണനയായി കാണേണ്ടതുണ്ടെന്നും പി ആർ സുരേഷ് പറഞ്ഞു.

# എക്സികോം ടെലി സിസ്റ്റംസ് ലിമിറ്റഡ് ഐപിഒ ഫെബ്രുവരി 27 മുതൽ

**കൊച്ചി:** എക്സികോം ടെലി സിസ്റ്റംസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വില്പന (ഐപിഒ) 2024 ഫെബ്രുവരി 27 മുതൽ 29 വരെ നടക്കും.

329 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 7,042,200 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 135 രൂപ മുതൽ 142 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 100 ഓഹരികൾക്കും തുടർന്ന് 100ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

മൊണാർക്ക് നെറ്റ്വർത്ത് ക്യാപിറ്റൽ ലിമിറ്റഡ്, യുണിസ്റ്റോൺ ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, സിസ്റ്റമാറ്റിക്സ് കോർപ്പറേറ്റ് സർവീസസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

